പദ്ധതിക്കുള്ള വിശദമായ രൂപരേഖ 8-10-2014- ന് കൂടിയ 11-ാമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn- key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗതീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം, ഡോ.ഇ.ശ്രീധരന്റെ നേതൃത്വത്തിൽ 19-11-2014 -ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് കണക്കാക്കപ്പെട്ട മൊത്തം ചെലവ് 1991 കോടി രൂപയാണ്. പദ്ധതിക്കായി ധന സമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ, വിദേശ സന്നദ്ധ ഏജൻസികൾ മുഖേനയും സമാഹരിക്കണമെന്നാണ് ഡി.പി.ആർ. വിഭാവനം ചെയ്തിരിക്കുന്നത്.

(എഫ്) പ്രസ്തുത നഗരങ്ങളുടെ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കേണ്ടിയിരുന്നത് അതാത് കോർപ്പറേഷനുകളായിരുന്നു. ഇവ തയ്യാറാക്കി നൽകുന്നതിന് കെ.എം.സി.എൽ ആവശ്യപ്പെട്ടപ്പോൾ കാലതാമസമുണ്ടാകുമെന്നറിയിച്ചതിനാൽ ഈ പഠനം നടത്തുന്നതിനായി 9-ാമത് കെ.എം.സി.എൽ ബോർഡ് യോഗ തീരുമാനപ്രകാരം ഗവൺമെന്റ് ഏജൻസിയായ നാറ്റ്പാക്-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

പുളക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ് പാലം

320(3245) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ് പാലം പണിയുന്നതിന് ആവശ്യമായ വനം വകുപ്പിന്റെ അനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നേയ്ക്ക് ലഭ്യമാക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾ

321(3246) ശ്രീ.. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഏതെല്ലാം നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് ; പ്രവർത്തിയുടെ പേര്, ഇക എന്നിവ വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട് ; ടെണ്ടർ ചെയ്യേണ്ട പ്രവർത്തികൾ ഏതൊക്കെ ;

(സി) ടെണ്ടർ ചെയ്തവരിൽ കരാറുകാർ ഏറ്റെടുത്ത പ്രവർത്തികൾ ഏതെന്നും ഓരോ പ്രവർത്തിയുടെയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ ;

(ഡി) ഏതൊക്കെ പ്രവർത്തികളാണ് കരാറുകാർ ഏറ്റെടുക്കാനുള്ളതെന്നും നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിട വിഭാഗത്തിൽ 8 നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ടെണ്ടർ ചെയ്തവയിൽ കരാറുകാർ ഏറ്റെടുത്ത പ്രവർത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) മുച്ചുകുന്ന് ആയുർവ്വേദ ഡിസ്പെൻസറിയുടെ ടെണ്ടർ കരാറുകൾ ഏറ്റെടുക്കാത്തതിനാൽ കപ്പാസിറ്റേഷൻ വിളിച്ചിട്ടുണ്ട്. കൊയിലാണ്ടി വർക്ക് ഷോപ്പ് ഐ. റ്റി. ഐ. യുടെ ടെണ്ടർ ആരും ഏറ്റെടുത്തിട്ടില്ലാത്തതിനാൽ റീ-ടെണ്ടർ ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly